നമ്പർ :- ഡി1-എസ്ഡബ്ല്യൂ/ടി/2015 തിയതി:- 28/02/2018

# കേരള സർക്കാർ
## ജലസേചന (ചെറുകിട ജലസേചനം) വകുപ്പ്
## ദർഘാസ് പരസ്യം

കേരള ഗവർണ്ണർക്കുവേണ്ടി പാലക്കാട് ചെറുകിട ജലസേചന ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവർത്തിക്ക് വേണ്ടി കേരള പൊതുമരാമത്തു /ജലവിഭവ വകുപ്പിലെ നിശ്ചിത യോഗ്യതയുള്ള കരാറുകാരിൽ നിന്നും പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മുദ്ര വച്ച മത്സര സ്വഭാവമുള്ള ദർഘാസുകൾ തപാലിൽ രജിസ്റ്റേർഡ് /സ്പീഡ് പോസ്റ്റ് ആയി മാത്രം ക്ഷണിച്ചു കൊള്ളുന്നു. തപാലിൽ ഉണ്ടാകുന്ന കാല താമസത്തിന് ഈ വകുപ്പ് ഉത്തരവാദിയാകുന്നതല്ല. ദർഘാസുകൾ താഴെ പറയുന്ന തീയ്യതികളിൽ വൈകുന്നേരം 3 മണിവരെ സ്വീകരിക്കുന്നതും അന്നേ ദിവസം 3.30ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ തൽസമയം ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയായിരുന്നാൽ അതിനടുത്ത പ്രവർത്തി ദിവസം ദർഘാസുകൾ പരിഗണിക്കുന്നതാണ്.

ദർഘാസ് പ്രമാണങ്ങൾ വിതരണം ചെയ്യുന്ന തിയതിയും സമയവും ഉച്ചയ്ക്ക് 1:00 മണി വരെ : 06/03/2018

ദർഘാസ് പ്രമാണങ്ങൾ സ്വീകരിക്കുന്ന തീയതിയും സമയവും ഉച്ചയ്ക്ക് 3:00 മണി വരെ : 13/03/2018

ദർഘാസ് പ്രമാണങ്ങൾ തുറക്കുന്ന തീയതിയും സമയവും ഉച്ചയ്ക്ക് 3:30 ന് : 13/03/2018

| ക്ര. നം | ദർഘാസ് നം. | പ്രവൃത്തിയുടെ പേരും ഉദ്ദേശം അടങ്കൽ തുകയും | ദർഘാസ് പ്രമാണത്തിന്റെ വില | നിരതദ്രവ്യം | കരാറുകാരുടെ വിഭാഗം | പ്രവൃത്തിയുടെ നിർമ്മാണ കാലാവധി |
|---|---|---|---|---|---|---|
| 1 | 33/2017-18 | ഹരിതകേരളം-കുളങ്ങളുടെ പുനരുജ്ജീവനം -പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമ പഞ്ചായത്തിലെ നിലാംചേരി കുളം<br>അടങ്കൽ തുക:159500 /- | 500+ ജി എസ് ടി @ 12% | 4000/- | "ഡി" യും അതിനു മുകളിലും | 2 മാസം |

ദർഘാസ് പ്രമാണങ്ങളും മറ്റ് വിശദ വിവരങ്ങളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ പരസ്പരം കൈമാറാൻ പാടില്ലാത്തതുമാകുന്നു. ദർഘാസുകളോടൊപ്പം രൂ. 200/- (ഇരുനൂറ് രൂപയുടെ) മുദ്ര പത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പിട്ട് അടക്കം ചെയ്തിരിക്കണം. നിരതദ്രവ്യം നിർബന്ധമായും സർക്കാർ ട്രഷറിയിൽ നിന്നോ, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് പോസ്റ്റാഫീസിൽ നിന്നോ, ഷെഡ്യൂൾ ബാങ്കുകളിൽ നിന്നോ മാത്രം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ളതും അദ്ദേഹത്തിന് ഏതു സമയത്തും മാറ്റത്തക്കവിധത്തിൽ അധികാരപ്പെടുത്തിയതുമായിരിക്കണം. പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടിവയ്ക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്.

കൂടാതെ കാലാകാലങ്ങളിൽ ഗവണ്മെന്റ് നിഷ്കർഷിക്കുന്ന നിയമങ്ങൾക്കും നികുതികൾക്കും വിധേയമായിരിക്കും. 1989 ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 8(2) വകുപ്പ് അനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ നിർമ്മാണ പ്രവർത്തിയുടെ മൊത്തം ചിലവിന്റെ 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേയ്ക്ക് നൽകുവാൻ ബാധ്യസ്ഥനാണ്. കേരള പൊതുമരാമത്ത് / ജലസേചന വകുപ്പുകളിലെ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.
(കേരളാ ഗവർണ്ണർക്കുവേണ്ടി)

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
ചെറുകിട ജലസേചന വിഭാഗം,
പാലക്കാട് (ഫോൺ: 0491-2578491)